നം.സി.ജി.എൽ(1)/42000/2023/CGE

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം-12
തീയതി : 15.01.2024

# സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - പരീക്ഷാഭവൻ - എസ്.എസ്.എൽ.സി. 2024 പരീക്ഷ - പ്രൊവിഷണൽ എ ലിസ്റ്റ് പ്രസിദ്ധീകരണം തുടർ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 16.10.2023 ലെ ഇതേ നമ്പർ വിജ്ഞാപനം.

*******

2024-ൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന എല്ലാ റഗുലർ, പ്രൈവറ്റ് വിദ്യാർത്തികളുടേയും രജിസ്ട്രേഷൻ പൂർത്തീകരിച്ച് കൺഫർമേഷനും ഇ-സബ്മിഷനും നിർവ്വഹിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടെ അവസാനഘട്ട പരിശോധനയ്ക്കായി പ്രൊവിഷണൽ 'എ' ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ക്ലാസ് ചാർജുള്ള അധ്യാപകരുടെ ഉത്തരവാദിത്വത്തിൽ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള സത്വര നടപടികൾ പ്രഥമാധ്യാപകൻ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ലിസ്റ്റ് വിദ്യാർത്ഥികളെക്കൊണ്ടും പരിശോധിച്ച് തെറ്റുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശവും ക്ലാസ്സ് ചാർജ്ജുള്ള അധ്യാപകർ മുഖേന വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

അന്തിമ 'എ' ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം യാതൊരുവിധ തിരുത്തലുകൾക്കും അവസരമുണ്ടാകുന്നതല്ല. ആയതിനാൽ പ്രൊവിഷണൽ 'എ' ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം https://sslcexam.kerala.gov.in എന്ന വെബ്സൈറ്റിൽ Candidate Data Part Certificate View രക്ഷിതാക്കളുടേയും വിദ്യാർത്ഥികളുടേയും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. 2024-ൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്ന വിദ്യാർത്ഥി വിവരങ്ങൾ അതേപടി കാണുന്നതിനുള്ള സൗകര്യമാണ് ഇതിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. റവന്യൂജില്ല, വിദ്യാഭ്യാസ ജില്ല, സ്കൂൾ അഡ്മിഷൻ നമ്പർ, ജനനതീയതി എന്നിവ നൽകി സർട്ടിഫിക്കറ്റിലെ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്. പ്രസ്തുത ലിങ്കിലൂടെ സർട്ടിഫിക്കറ്റിൽ വരുന്ന വിവരങ്ങളുടെ പ്രന്റൗട്ട് എല്ലാ വിദ്യാർത്ഥികൾക്കും എടുത്തു നൽകി ഒരിക്കൽ കൂടി രക്ഷിതാക്കളുടെ പരിശോധന ഉറപ്പാക്കുന്നതിനുള്ള ക്രമീകരണം പ്രഥമാധ്യാപകർ നിർബന്ധമായും ചെയ്യേണ്ടതാണ്.

ഈ അവസരത്തിൽ കണ്ടെത്തുന്ന അഡ്മിഷൻ നമ്പർ, ജെൻഡർ എന്നിവ ഒഴികെയുള്ള തെറ്റുകൾ HM ലോഗിനിലെ Candidate Update എന്ന ലിങ്കിലൂടെ തിരുത്താവുന്നതാണ്. സമ്പൂർണ്ണയിലും i-ExaMS ലും ഉൾപ്പെടുത്തിയിരിക്കുന്ന വിദ്യാർത്ഥി വിവരങ്ങൾ പരസ്പരം ബന്ധപ്പെടുത്തിയിരിക്കുന്നത് സ്കൂൾ കോഡിനേയും അഡ്മിഷൻ നമ്പറിനേയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതിനാൽ അഡ്മിഷൻ നമ്പറിൽ തിരുത്തലുകൾ ഈ അവസരത്തിൽ അനുവദിക്കുന്നതല്ല. കൂടാതെ ഓരോ ക്ലാസ്സിലേയും ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും എണ്ണം ആദ്യം നൽകി സ്കൂൾ ഗോയിങ് കുട്ടികളുടെ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതിനാൽ ജെൻഡർ തിരുത്തലും അനുവദിക്കുന്നതല്ല.

**പരീക്ഷാ സെക്രട്ടറി**

**പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

പകർപ്പ്:-

1. എല്ലാ പ്രധാനാധ്യാപകർക്കും (പരീക്ഷാഭവൻ, i-ExaMS വെബ്സൈറ്റുകൾ മുഖാന്തിരം)
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും അറിവിലേക്കായി (പരീക്ഷാഭവൻ, i-ExaMS വെബ്സൈറ്റുകൾ മുഖാന്തിരം)
3. സ്റ്റോക്ക് ഫയൽ.